# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.272 29.06.2016 – ലെ മറുപടിക്ക്

**ട്രഷറി മിച്ചം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി.കെ. ശശി | ഡോ. ടി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

| | | |
|---|---|---|
| എ | സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണോ, എങ്കിൽ പ്രസ്തുത വിഷയം പഠിച്ച് ധവള പത്രം പുറപ്പെടുവിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വക്തമാക്കാമോ; | സംസ്ഥാനം അതീവ ഗുരുതരമായ ധന പ്രതിസന്ധിയെ നേരിടുകയാണ്. മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ 24.05.2016 - ൽ 1009.30 കോടിരൂപ മാത്രമാണ് ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നത്. എന്നാൽ മുൻ സർക്കാർ വിവിധ ഇനങ്ങളിലായി കുടിശ്ശികയാക്കിയ 4600 കോടിയില്പരം രൂപ അടിയന്തിരമായി കൊടുത്തു തീർക്കേണ്ടതായുണ്ട്. |
| സി | 2016 - ൽ യു.ഡി.എഫ് സർക്കാർ അധികാരം ഒഴിഞ്ഞ അവസരത്തിൽ ട്രഷറി മിച്ചം എത്ര കോടി രൂപ ആയിരുന്നു; | ഇടക്കാല ബഡ്ജറ്റ് പ്രകാരം 2016-2017 – ലെ റവന്യൂ കമ്മി 9,697 കോടി രൂപയാണ്. ധനകാര്യ വകുപ്പിന്റെ പുതിയ കണക്കുകൾ പ്രകാരം ഇത് 18,195 കോടി രൂപയായി ഉയരും 2016-17 - ൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് വായ്പയെടുക്കാൻ അനുവാദം നൽകിയിരിക്കുന്നത് 18,524 കോടിരൂപ മാത്രമാണ്. ഇപ്പോൾ അനുവദിച്ചിരിക്കുന്ന മുഴുവൻ വായ്പയും നിത്യനിദാന ചിലവുകൾക്കായി ഉപയോഗിക്കേണ്ടി വരും. മൂലധനച്ചെലവുകൾക്ക് പണം ബാക്കിയുണ്ടാവില്ല എന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്.<br>സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതിയെക്കുറിച്ചും ഇത് മറികടക്കാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും വിശദമായും സമഗ്രമായും പ്രതിപാദിക്കുന്ന ഒരു ധവളപത്രം തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| ബി | 2011 - ൽ എൽ.ഡി.എഫ് സർക്കാർ അധികാരം ഒഴിയുമ്പോൾ ട്രഷറി മിച്ചം എത്ര കോടി രൂപ ആയിരുന്നു; | 2011 - ൽ എൽ.ഡി.എഫ് സർക്കാർ അധികാരം ഒഴിയുമ്പോൾ (16.05.2011 - ൽ) സംസ്ഥാനത്തിന് 1963.47 കോടി രൂപയുടെ ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നു. 31.03.2011 - ൽ സംസ്ഥാനത്തിന് 3513.72 കോടി രൂപ ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നു. |
| ഡി | കഴിഞ്ഞ യു.ഡി.എഫ് സർക്കാർ ഏതൊക്കെ ക്ഷേമപെൻഷനുകൾ നൽകാതെ കുടിശ്ശിക വരുത്തിയെന്നും പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കാൻ എത്ര തുക വേണ്ടി വരുമെന്നും വിശദമാക്കാമോ; | കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക 2014 ഒക്ടോബർ മുതൽ 2014 ഡിസംബർ വരെയാണ്. മറ്റ് ക്ഷേമപെൻഷനുകളായ വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിവയുടെ കുടിശ്ശിക 2014 ഒക്ടോബർ മുതൽ 2015 ജനുവരി വരെയാണ്.<br>2015 ഫെബ്രുവരി മുതൽ ഡി.ബി.റ്റി മുഖാന്തരം ക്ഷേമ പെൻഷൻ വിതരണം ചെയ്തുതുടങ്ങുന്നതിന് മുമ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വ്യത്യസ്ഥ കാലയളവുകൾ അടിസ്ഥാനമാക്കിയാണ് തുകവിതരണം ചെയ്തിരുന്നത് |

| | | |
|---|---|---|
| | | എന്നതിനാലും സംസ്ഥാനത്ത് ആകെ നടപ്പിലാക്കിയ സംമ്പൂർണ്ണ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താകൾക്ക് വിവരങ്ങൾ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയതിൽ കാലതാമസം ഉണ്ടായതിനാലും ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മേൽ സൂചിപ്പിച്ച കാലയളവിനെക്കാളും കുടിശ്ശികയായിട്ടുണ്ട്. നിലവിലെ മൊത്തം കുടിശ്ശിക 1000 കോടി രൂപ വരും. |
| ഇ | മരാമത്ത് പണി നടത്തിയവർക്ക് നൽക്കേണ്ട കുടിശ്ശിക ഉൾപ്പെടെ ഏതൊക്കെ വിഭാഗത്തിലുള്ളവർക്ക് കഴിഞ്ഞ യു.ഡി.എഫ് സർക്കാർ കുടിശ്ശിക നൽകാതെ അധികാരം ഒഴിഞ്ഞുവെന്നും ആയതിന്റെ കുടിശ്ശിക തീർക്കാൻ ഈ സർക്കാരിന് എത്ര കോടി രൂപ കണ്ടെത്തേണ്ടി വരുമെന്നും വ്യക്തമാക്കുമോ? | 2016 മെയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിങ്ങിംഗ് ഇനത്തിൽ ബാങ്കിനും നൽകേണ്ടത് (1600 കോടി) പെൻഷൻ കുടിശിക (1000 കോടിയോളം രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബില്ല് (2000 കോടി), എന്നിവയുൾപ്പെടെ 4600 കോടിയോളം രൂപ അടിയന്തിരമായി കൊടുത്തു തീർക്കാനുള്ള ബാധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധികൾ/ ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 കോടി രൂപ സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതു കൂടി ചേർത്താൽ ബാധ്യത 5965 കോടിയിലധികം രൂപ വരും |

സെക്ഷൻ ഓഫീസർ